**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4223** **18-07-2022 - ൽ മറുപടിയ്ക്ക്**

**മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തൊഴിലുകാർക്കു വേണ്ടിയുള്ള മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തൊഴിലുകാർക്കു വേണ്ടിയുള്ള മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. |
| (ബി) | ആലപ്പുഴയിൽ മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ? | (ബി) | ആലപ്പുഴ ജനറൽ ഹോസ്പിറ്റലിന് സമീപം പ്രവർത്തിച്ചിരുന്ന ജില്ലാ വ്യവസായ കേന്ദ്രം നിലനിന്ന 89 സെന്റ് സ്ഥലത്ത് 4180 ചതുരശ്ര മീറ്റർ വിസ്തൃതിയിലാണ് വിവിധോദ്ദേശ്യ വ്യാപാര പ്രോത്സാഹന (മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ സെന്റർ)കേന്ദ്രത്തിന്റെയും, ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും നിർമാണം ആരംഭിച്ചിട്ടുള്ളത്. സ.ഉ(സാ.ധാ) 573/18/വ്യവ തീയതി 17.05.2018 പ്രകാരം 9.78 കോടി രൂപക്ക് ഭരണാനുമതി ലഭിച്ച ഓഫീസ്-കം-ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമാണത്തിനായി 9.5 കോടി രൂപ പി.ഡബ്ല്യൂ.ഡി-ക്ക് കൈമാറിയിട്ടുണ്ട്. സ്ട്രക്ച്ചറൽ കൺസ്ട്രക്ഷന് 5.37 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭിക്കുകയും നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് കോൺട്രാക്ടർക്ക് കരാർ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.സമുച്ചയത്തിന്റെ ഫൗണ്ടേഷൻ നിർമാണത്തിന്റെ ഭാഗമായുള്ള പൈലിങ് പൂർത്തിയാക്കി പൈൽ ക്യാപ്പ് നിർമാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ